LIBRARY ARCHIVES Kerala Legislative Assembly

1970-നുശേഷം അട്ടപ്പാടി വില്ലേജുകളിലെ സ്ഥാപനങ്ങൾക്ക്/ട്രസ്റ്റുകൾക്ക് താലൂക്ക് ലാൻഡ് ബോർഡ് ഭൂപരിധിയിൽ ഇളവു നൽകിയിട്ടുണ്ടെങ്കിലും ഏതെല്ലാം സ്ഥാപനങ്ങൾക്ക്/ ട്രസ്റ്റുകൾക്കാണ് ഇളവ് നൽകിയിട്ടുള്ളത്, ഏതെല്ലാം വില്ലേജുകളിൽ എത്ര ഏക്കർ ഭൂമിയ്ക്ക് ഇളവ് നൽകിയിട്ടുണ്ട് എന്നീ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. അട്ടപ്പാടിയിലെ വിദ്യാധിരാജാ ട്രസ്റ്റിന് ഭൂമി ഇളവ് നൽകിയിട്ടുള്ളതായി അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞിട്ടില്ല. ടി വിവരങ്ങൾ സ്റ്റേറ്റ് ലാൻഡ് ബോർഡ് കാര്യാലയത്തിലും ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) ഹാരിസൺസ് കമ്പനിയടക്കമുള്ള കമ്പനികൾക്ക് തോട്ടംഭൂമി പാട്ടത്തിനാണോ നൽകിയിരിക്കുന്നത്; അവർക്ക് ഏക്കറിന് എത്ര രൂപയ്ക്കാണ് പാട്ടം നൽകിയത്; ഹാരിസൺസ് കമ്പനി നിലവിൽ വർഷത്തിൽ എത്ര രൂപ പാട്ടം അടയ്ക്കുന്നുണ്ട്; അവർ എത്ര രൂപ പാട്ട കുടിശ്ശിക അടയ്ക്കാനുണ്ട്; പാട്ടക്കുടിശ്ശിക അടയ്ക്കാനുള്ള സമാന രീതിയിലുള്ള മറ്റു കമ്പനികൾ ഏതെല്ലാമാണ്; ഓരോ കമ്പനിയും എത്ര രൂപവീതം പാട്ടക്കുടിശ്ശിക അടക്കാനുണ്ട്?

വിവരം ശേഖരിച്ചുവരുന്നു.

(സി) രാജഭരണകാലത്ത് പാട്ടത്തിന് നൽകിയ 1947-നുമുമ്പ് വിദേശ കമ്പനികൾ കൈവശംവച്ചിരുന്ന തോട്ടം ഭൂമി ഏറ്റെടുക്കുന്നതിന് നിയമനിർമ്മാണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; അതിന്റെ കരട് തയാറാക്കിയോ; അറിയിക്കാമോ ?

നിയമനിർമ്മാണം നടത്തുന്നതിന് നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

തോട്ടംഭൂമി തരംമാറ്റം

318 (928) ശ്രീ. മാണി. സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തോട്ടംഭൂമി തരംമാറ്റി കച്ചവടക്കാർക്ക് നിയമവിരുദ്ധമായി ഖനന ലീസ് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു*.

പാലക്കാട് ജില്ലയിലെ പ്രളയ നഷ്ടപരിഹാരം

319 (929) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ വീടിന് കേടുപാടുകൾ സംഭവിച്ചിട്ടും നഷ്ട പരിഹാര ധനസഹായം ലഭിക്കാത്തവർ പാലക്കാട് ജില്ലയിലുണ്ടോ എന്നറിയിക്കാമോ;

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

&

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണവും എത്ര പേർക്ക് ഇനിയും തുക വിതരണം ചെയ്യാനുണ്ടെന്നും അറിയിക്കാമോ?

(എ&ബി) ഉണ്ട്. ബാങ്ക് അക്കൗണ്ടിലെ അപാകത കാരണം ബാങ്ക് റിജക്ഷൻ ആയതിനാലും ബാങ്ക് അക്കൗണ്ട് നമ്പർ തെറ്റായി തുക അനുവദിച്ചത് കാരണവും 96 പേർക്ക് തുക വിതരണം ചെയ്യാനുണ്ട്.

2019-ലെ പ്രളയവുമായി ബന്ധപ്പെട്ട ധനസഹായം ലഭിക്കാൻ നടപടി

320 (930) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് താലൂക്കിൽ 2019-ലെ പ്രളയവുമായി ബന്ധപ്പെട്ട് ഏകദേശം 2500-ഓളം പേർക്ക് സാങ്കേതിക കാരണങ്ങളാൽ സർക്കാർ പ്രഖ്യാപിച്ച ധനസഹായം കിട്ടിയിട്ടില്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ ബന്ധപ്പെട്ട വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2019-ലെ പ്രളയത്തിൽ ദുരിതബാധിതരായി ക്യാമ്പിൽ കഴിഞ്ഞവരുടെ വിവരങ്ങൾ സോഫ്റ്റ്വെയറിൽ അപ്ലോഡ് ചെയ്യപ്പെട്ടിട്ടുള്ളതും അതുപോലെ ക്രഡിറ്റ് ലിസ്റ്റിലോ റിജക്ടഡ് ലിസ്റ്റിലോ ഉൾപ്പെടാത്തതും എന്നാൽ ധനസഹായത്തിന് അർഹതയുള്ളതുമായ കോഴിക്കോട് ജില്ലയിലെ 2557 പേരുടെ പട്ടിക സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഇവർക്ക് ധനസഹായം നൽകുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

2019-ലെ പ്രളയബാധിതർക്ക് നഷ്ടപരിഹാരത്തുക ലഭിക്കാത്തത് സംബന്ധിച്ച്

321 (931) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ പ്രളയത്തിൽ സ്ഥലമോ വീടോ പൂർണ്ണമായോ ഭാഗികമായോ നഷ്ടപ്പെട്ട എത്ര ആളുകൾക്കാണ് നിലമ്പൂർ താലൂക്കിൽ ഇനിയും നഷ്ടപരിഹാരത്തുക നൽകാനുള്ളതെന്ന് അറിയിക്കാമോ; ഇവരുടെ പട്ടികയും നൽകാനുള്ള തുകയും മറ്റു വിശദാംശങ്ങളും ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly